# വി. കുർബാനക്രമം
# &
# ആരാധനാസഹായി



www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

# വിശുദ്ധ കുർബാനക്രമം
# &
# ആരാധനാസഹായി

മോറാൻ മോർ ഇഗ്നാത്തിയോസ് അപ്രേം പ്രഥമൻ പാത്രിയർക്കീസ് ബാവായുടെ ശ്രേഷ്ഠാനുമതിയോടുകൂടി

കെ. എ. ജേക്കബ് കുമരകം
പ്രസിദ്ധീകരിച്ചത്

വിതരണം .


സെമിനാരി പബ്ലിക്കേഷൻസ്
എം.എസ്.ഒ.റ്റി. സെമിനാരി
ഉദയഗിരി, മുളന്തുരുത്തി—682 314


www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

# VISUDHA KURBANAKRAMAM
# &
# ARADHANA SAHAI

Author: Mr. K. A. Jacob Kumarakom

First Published in 1947

Imprimatur: H. H. Ignatius Aprem I Patriarch of Antioch and all the East

Reprinted in 1993 by
Adv. Abraham Jacob
Kalampukattuseril
Kumarakom

Distribution: SEMINARY PUBLICATIONS
M.S.O.T. SEMINARY
UDAYAGIRI-682 314

Price: Rs. 20/-

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

# പ്രവേശിക

മലയാള ഭാഷയിൽ വി. കർബാനക്രമത്തിന് ഇതു വരെ ഉണ്ടായിട്ടുള്ളതിൽ ഏററം മികച്ച പഠനപ്പതിപ്പും വ്യാഖ്യാനവുമടങ്ങുന്ന ഈ കൃതി പുനഃപ്രസിദ്ധീകരണത്തിനു സഹകരിക്കുവാൻ സാധിച്ചു എന്നതു വലിയ ഭാഗ്യമായി ഞാൻ കരുതുന്നു. തികഞ്ഞ പണ്ഡിതനും, സഭാസ്നേഹിയും, തീക്ഷ്ണവാനായ ഭക്തനും, സൺഡേസ്കൂൾ പ്രസ്ഥാനത്തിന്റെ ഉന്നതവക്താവും, വിശ്വാസവീരനുമായിരുന്ന ശ്രീ. കെ. എ. ജേക്കബ് (കുമരകം കട്ടിസാർ) കഴിഞ്ഞ തലമുറയിലെന്നപോലെ ഈ തലമുറയിലും അനുസ്മരണീയനാണ്. 'ആരാധനാസഹായി' സൺഡേസ്കൂൾ പാഠാവലിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു എന്നതുതന്നെ ഇക്കാര്യത്തിൽ മതിയായ തെളിവാണ്.

കട്ടിസാറിന്റെ പാതയിൽ ചരിക്കുന്ന പുത്രൻ അഡ്വ. എബ്രഹാം ജേക്കബ് കുമരകം (കുഞ്ഞുമോൻ) സ്വപിതാവിനോടുള്ള ആദരസൂചകമായി പ്രസിദ്ധീകരിച്ചു സഭക്കു സമർപ്പിക്കുന്ന ഈ മഹത്കൃതി ഏവർക്കും പ്രയോജകീഭവിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു. ഇതിന്റെ വിതരണം ഭരമേല്പിച്ചിരിക്കുന്ന 'സെമിനാരി പബ്ലിക്കേഷൻസി'ന്റെ നന്ദി അദ്ദേഹത്തെ അറിയിക്കുന്നതോടൊപ്പം മുദ്രണം നിർവഹിച്ച ആശ്രമം പ്രസ് ചുമതലക്കാരോടും നന്ദി പറയുന്നു.

**ഉദയഗിരി,**
**31-10-1993**

**പ്രസിദ്ധീകരണവിഭാഗത്തിനുവേണ്ടി**
**ഫാ. കുര്യാക്കോസ് മൂലയിൽ**

# അവതാരിക

## ഡോ. കുര്യൻ കോർ എപ്പിസ്‌കോപ്പാ
## കണിയാമ്പറമ്പിൽ

പണ്‌ഡിതനെങ്കിലും പരമ വിനീതനും, അത്മായനെങ്കിലും വൈദികവിജ്ഞാനത്തിൽ ആദരണീയനും ഗൃഹസ്ഥാശ്രമിയെങ്കിലും സംന്യസനം പാലിച്ചിരുന്ന പരിപക്വമാനസനും ഭക്ഷ്യപേയങ്ങളിലും വസ്ത്രധാരണത്തിലും മുനിസദൃശനും ഐഹിക വിഷയങ്ങളിലുപരി പാരത്രിക വിഷയങ്ങളിൽ ശ്രദ്ധാലുവും അഭിവന്ദ്യ മോർ മിഖായേൽ ദിവന്നാസ്യോസ് തിരുമേനിയെപ്പോലുള്ള അഭിവന്ദ്യ പിതാക്കന്മാർ മുതൽ ആസ്ലാദൃശ്യന്മാരായ സാധാരണക്കാർക്കുവരെ ഉത്തമ സുഹൃത്തും ആലോചനാ ദാതാവും ഒരു പുരുഷായുസ്സു മുഴുവൻ വിശുദ്ധ സഭയ്ക്കും വിശ്വാസത്തിനും ആരാധനയ്ക്കും വേണ്ടി തൂലിക ചലിപ്പിച്ച വിശ്വാസവീരനും എന്റെ ഉത്തമ സുഹൃത്തുമായിരുന്ന കളമ്പുകാട്ടുശ്‌ശേരിൽ ശ്രീ. കെ എ. ജേക്കബ് — 'എന്റെ പ്രിയ കുട്ടിസാർ' 'ഉൽക്കർഷ സോപാനം' മുതലായ സാഹിത്യ കൃതികളുടെയും കർത്താവായിരുന്നെങ്കിലും അദ്ദേഹത്തെ അനശ്വരനും അദ്വിതീയനും ആക്കിത്തീർത്തു. ശ്രേഷ്ഠാനുമതിയോടുകൂടി അദ്ദേഹം രചിച്ചു പ്രസിദ്ധീകരിച്ച കുർബാനക്രമ വ്യാഖ്യാനവും ആരാധനാ സഹായിയും അദ്ധ്യാത്മ വിദ്യാർത്ഥി

കരംക്ക മാത്രമല്ല വൈദിക വിദ്യാത്ഥികരംക്ക പോലും അനുപേക്ഷണീയവും വിജ്ഞാന പ്രദവുമെന്നു തറപ്പിച്ചു പറയുന്നതോടൊപ്പം മലങ്കര യാക്കോബായ സുറിയാനി സഭാ സാഹിത്യത്തിലെ ഈടുററ വ്യാഖ്യാനകൃതികളായി അനേകമനേകം പതിപ്പുകളിലൂടെ അനേകായിരങ്ങളുടെ കാലടികരംക്ക ദീപമായി ഇവ പരിലസിക്കാനിടയാകേണമെ എന്നാണ് അദ്ദേഹത്തിൻെറ ആത്മസുഹൃത്ത് എന്നത് ഒരുപദവിയായി കരുതുന്ന കണിയാമ്പറമ്പിലച്ചൻെറ പ്രാർഥന.

തിരുവല്ല
27-10.93

CHRISTIAN MUSICOLOGICAL SOCIETY OF INDIA

# ഒന്നാം പതിപ്പിൻെറ മുഖവുര

''കരുണയും സമാധാനവും സ്തോത്രബലിയും'' ആകുന്ന വി. കുർബാനയുടെ അനുഷ്ഠാനത്തിൽ ഭാഗഭാക്കാകുന്ന ''എല്ലാവരുടെയും ബോധങ്ങളും വിചാരങ്ങളും ഹൃദയങ്ങളും പിതാവായ ദൈവത്തിൻെറ വലത്തുഭാഗത്തു മ്ശീഹാ തമ്പുരാൻ ഇരിക്കുന്ന സ്ഥലമായ ഉയരത്തിൽ ആയിരിക്കണം.'' എന്നും ''എല്ലാവരും ഭംഗിയോടും, ഭയത്തോടും, പരിപാകതയോടും, വെടിപ്പോടും, സത്യവിശ്വാസത്തോടും, ദൈവഭക്തിയോടും നിന്ന് 'അതിൻെറ അനുഷ്ഠാനത്തിൽ' ആന്തരികമായി സൂക്ഷിക്കണം'' എന്നും ''ഭയത്തോടും വിറയലോടും'' അതിനെ 'സൂക്ഷിക്കണം' എന്നും ആണല്ലോ കുർബാനക്രമം നിർദേശിക്കുന്നത്. ഈ നിർദേശങ്ങളനുസരിച്ചു പ്രവർത്തിക്കുന്നതിനു ചുമതലക്കാരായവർ ദൈവാലയത്തിൽ സന്നിഹിതരാകുന്ന അവസരം മുതൽ ദൈവാലയത്തിൽ നിന്നു പിരിഞ്ഞു പോകുന്നതുവരെ അനുഷ്ഠിക്കേണ്ടവ എന്തെല്ലാമെന്നു വിശദമായി നിർദ്ദേശിക്കുന്ന ഒരു പുസ്തകവും ഇതുവരെ കാണുന്നതിന് എനിക്കു ഭാഗ്യം സിദ്ധിച്ചിട്ടില്ല. തൽപരിഹാരാർത്ഥം ഒരു പുസ്തകം എഴുതിത്തരണമെന്നു പണ്ഡിതന്മാരായ ചില പുരോഹിതന്മാരോടു പല പ്രാവശ്യം അപേ

CHRISTIAN MUSICOLOGICAL SOCIETY OF INDIA



തന്നെ ഗീതം ആരംഭിക്കാതിരുന്നാൽ ആ അവസരത്തിൽ 'അന്ത്യം' മുതലായവ രഹസ്യത്തിൽ ചൊല്ലി പിരിയുന്നതിനു പലരും പ്രേരിതരാകുന്നതാണ്.

105. ഈ രഹസ്യപ്രാർത്ഥനയ്ക്കുശേഷം, വി. കുർബാന അനുഭവിക്കുന്നതിനുള്ള പ്രതീക്ഷയിൽ ദേവാലയത്തിലുള്ളവരെല്ലാം അതു കൈക്കൊള്ളുന്നതിനുള്ള യോഗ്യത അവർക്കുണ്ടെന്ന് പട്ടക്കാരനു ബോദ്ധ്യമുള്ളപക്ഷം അവ നൽകപ്പെടുന്നു.

എന്നാൽ ഞായറാഴ്ചകളിലും മാറാനായ പെരുനാളുകളിലും കുമ്പിടിൽ പാടില്ലാത്തതിനാൽ ഈ ദിവസങ്ങളിൽ വി. കുർബാന അനുഭവിക്കുന്നതിനായി മദ്ബഹായെ സമീപിക്കുന്നവർ, കുമ്പസാര പിതാവിൻെറ ആജ്ഞാനുസരണം കുമ്പിടേണ്ടവരാണെങ്കിൽ തന്നെ, ആ ചുമതല അടുത്ത സന്ധ്യയുടെ പ്രാർത്ഥന നിർവഹിച്ചശേഷം മാത്രം നിറവേററുന്നതിനു നിശ്ചയിച്ചുകൊണ്ട്, മദ്ബഹായെ സമീപിക്കേണ്ടതാകുന്നു.

തിരുശരീരം അനുഭവിക്കുന്നവർ അതു നന്നായി ചവച്ചിറക്കിയശേഷം മാത്രം വെള്ളം കുടിക്കേണ്ടതാകയാൽ വി. കുർബാന നൽകുന്ന പട്ടക്കാരനിൽനിന്നു കുറെ അകന്നു

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

# വി. കുർബ്ബാനക്രമം
# ആരാധനാസഹായി

മലങ്കര സിറിയൻ ഓർത്തഡോക്സ് സഭയുടെ വി.കുർബ്ബാനയെക്കുറിച്ചുള്ള ആധികാരികവും സമഗ്രവുമായ പഠനം ഉൾക്കൊള്ളുന്ന വി.കുർബ്ബാനക്രമം തികഞ്ഞ സഭാസ്നേഹിയും പണ്ഡിതനുമായ പരേതനായ ശ്രീ കെ. എ. ജേക്കബ് കുമരകം പതിറ്റാണ്ടുകൾക്കു മുമ്പ് തയ്യാറാക്കി പ്രസിദ്ധീകരിച്ചിരുന്നതിന്റെ പുനഃപ്രസിദ്ധീകരണം. ഏതൊരു സഭാവിശ്വാസിക്കും പഠിതാവിനും അനുപേക്ഷണീയമായ കൃതി.

---

വിതരണം
**സെമിനാരി പബ്ലിക്കേഷൻസ്**
എം. എസ്. ഒ. റ്റി. സെമിനാരി
ഉദയഗിരി, മുളന്തുരുത്തി,
എറണാകുളം 682 314.

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

For further information
regarding this text
Please contact
*library@thecmsindia.org*

Please join the
'CMSI Benefactors Club'
and support the ongoing projects of
Christian Musicological Society Of India

- DIGITAL LIBRARY
- ARAMAIC PROJECT
- ENCYCLOPEDIA OF SYRIAC CHANTS
- MUSIC ICONOGRAPHY
- CHRISTIAN ART
- RESOURCE FOR RESEARCHERS